# പതിനാലാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 173     04.06.2018-ൽ മറുപടിക്ക്**

## സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. അബ്ദു റബ്ബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ലഹരി മരുന്ന് വില്പനക്കാരെയും കൊള്ളക്കാരെയും ലക്ഷ്യമിട്ട് സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ (1.6.2016 മുതൽ 30.5.2018 വരെ) പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ലഹരി മരുന്ന് വിൽപ്പനക്കാരെയും ആയത് ഉപയോഗിക്കുന്നവരെയും ലക്ഷ്യമിട്ട് പോലീസിന്റെ കീഴിൽ സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായാണ് നടന്നു വരുന്നത്. ഇതിന്റെ തുടർ ഫലമായി സംസ്ഥാനത്ത് 2016-ൽ 5924, 2017-ൽ 9242, 2018 ഏപ്രിൽ 30 വരെ 3083 NDPS കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഈ ഗ്രൂപ്പിന്റെ പ്രവർത്തനം നിലവിലുണ്ടെന്നിരിക്കെ സംസ്ഥാനത്ത് സ്കൂൾ, കോളേജ്, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ പരിസരത്ത് പ്രവർത്തിക്കുന്ന ജ്യൂസ് പാർലറുകൾ, ബേക്കറികൾ, സ്നാക്ക് ബാർ എന്നിവ കേന്ദ്രീകരിച്ച് എന്തെല്ലാം രീതിയിൽ ഉള്ള അന്വേഷണങ്ങൾ എത്ര തവണ ഏതൊക്കെ ഇടങ്ങൾ കേന്ദ്രീകരിച്ച് നടത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ സ്കൂൾ, കോളേജ്, ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവയുടെ പരിസരങ്ങളിൽ പ്രവർത്തിക്കുന്ന ജ്യൂസ് പാർലറുകൾ, ബേക്കറികൾ, സ്നാക്ക് ബാർ എന്നിവിടങ്ങളിൽ അനധികൃത ലഹരി വിൽപന നടത്തുന്നതുമായി ബന്ധപ്പെട്ട് പോലീസ് രഹസ്യ വിവരങ്ങൾ ശേഖരിച്ച് കുറ്റവാളികൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്തുള്ള കടകളിൽ പ്രത്യേകമായി പരിശോധനകളും, റെയ്ഡുകളും മറ്റും നടത്തി വരുന്നുമുണ്ട്. |

| | |
|---|---|
| (സി) ഇത്തരം ഇടങ്ങളിൽ വിറ്റഴിക്കുന്ന ഷാർജ, ബദാം, പിസ്ത, ചോക്ലേറ്റ്, കരിക്ക് തുടങ്ങിയ ഷേക്കുകൾ എന്നിവയിലെ ചേരുവകളിൽ മാരകമായ വിഷം, ആകർഷകമായ നിറങ്ങൾ, ഫ്ളേവറുകൾ എന്നിവ ചേർത്ത് കടകളിലെത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം ലേബലുള്ള പൗഡറുകളുടെ ഉറവിടം നാളിതുവരെ കണ്ടെത്താനായിട്ടുണ്ടോ; അന്വേഷിച്ചിട്ടുണ്ടോ;<br><br>(ഡി) ഇത്തരത്തിൽ ആസ്തി ഉണ്ടാക്കിയിട്ടുള്ള പൗഡർ നിർമ്മാതാക്കളെ നിയമത്തിന്റെ മുമ്പിലെത്തിക്കാൻ തയ്യാറാകുമോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദീകരിക്കുമോ? | (സി) യും (ഡി) യും<br>ഭക്ഷണ പദാർത്ഥത്തിൽ വിഷാംശമുള്ള ഫ്ലേവറുകൾ/നിറങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുമായി ആലോചിച്ച് ശക്തമായ നിയമനടപടികളാണ് സ്വീകരിച്ച് വരുന്നത്. ഇത് കൂടുതൽ ശക്തമാക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**